ഉത്തരം

(എ) 131 പ്രാവശ്യം.

(ബി ആൻഡ് സി) മറ്റ് ഔദ്യോഗിക യാത്രകളോടൊപ്പം ഗുരുവായൂർ യാത്രയും നടത്തുമ്പോൾ പ്രത്യേകമായി കണക്കാക്കിയിട്ടില്ല. ഔദ്യോഗിക പരിപാടികളില്ലാത്ത ഗുരുവായൂർ യാത്രക്ക് യാത്രാബത്ത വാങ്ങിയിട്ടില്ല.

വിദേശ സഹായം ലഭിക്കുന്ന സംഘടനകൾ

50. [68] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഏതെല്ലാം സംഘടനകൾക്ക് വിദേശ സഹായങ്ങൾ ലഭിക്കുന്നുണ്ട് ;

(ബി) അവയ്ക്ക് 1985-86 വർഷത്തിലും 1986-87 വർഷത്തിൽ 30-9-1986 വരെ കിട്ടിയ സംഖ്യയുടെ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഈ സംഘടനകൾക്ക് കിട്ടുന്ന സഹായം അതിനുദ്ദേശിക്കപ്പെട്ടിരിക്കുന്ന ആവശ്യത്തിന് തന്നെയാണോ ഉപയോഗിക്കുന്നതെന്ന് പരിശോധിക്കാറുണ്ടോ ?

ഉത്തരം

(എ & ബി) ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ കേന്ദ്ര സർക്കാരാണ് സൂക്ഷിക്കുന്നത്.

(സി) കേന്ദ്ര ഗവൺമെന്റ് പരിശോധിക്കാറുണ്ട്.

കേരള പൊതു പ്രവർത്തക അഴിമതി നിരോധന കമ്മീഷൻ

51. [69] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പൊതു പ്രവർത്തക അഴിമതി നിരോധന കമ്മീഷൻ നിലവിൽ വന്നതിനുശേഷം 30-9-1986 വരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) പ്രാഥമികാന്വേഷണത്തിനുശേഷം എത്ര കേസുകളിൽ വിശദമായ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട് ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ ആരെല്ലാം സ്ഥാനങ്ങൾ രാജിവച്ചിട്ടുണ്ട് ?

ഉത്തരം

(എ) 9.

(ബി) 3.

(സി) മുൻ കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് ചെയർമാൻ പ്രൊഫസർ ഉമ്മൻ മാത്യു, മുൻ എക്സൈസ്, വകുപ്പു മന്ത്രി ശ്രീ. എൻ. ശ്രീനിവാസൻ എന്നിവർ ഇതിന്റെ അടിസ്ഥാനത്തിൽ തൽസ്ഥാനങ്ങൾ രാജിവച്ചിട്ടുണ്ട്.

അനഭിമതരായ കുവൈറ്റി പൗരൻമാരുടെ കേരള സന്ദർശനം

52. [70] ശ്രീ. കെ. പി. പ്രഭാകരൻ :
,, വി. കെ. രാജൻ :
,, കാനം രാജേന്ദ്രൻ :

LIBRARY ARCHIVES Kerala Legislative Assembly